# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 48 26.02.2018-ൽ മറുപടിക്ക്**

**<u>സോളാർ കമ്മീഷന്റെ പ്രവർത്തനം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. ജോർജ്ജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സോളാർ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രാഥമികാന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) ഉണ്ട്. സോളാർ അഴിമതിയെക്കുറിച്ച് അന്വേഷിക്കുന്നതിനായി നിയമിച്ച ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ കുറ്റക്കാരെന്ന് കണ്ടെത്തിയവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടു വരുന്നതിലേയ്ക്കായി 08.11.2017-ലെ സ.ഉ (എം.എസ്) നം. 231/2017/ ആഭ്യന്തരം പ്രകാരം ഉത്തരമേഖലാ പോലീസ് ഡയറക്ടർ ജനറൽ ശ്രീ.രാജേഷ് ദിവാൻ, ഐ.പി.എസ് -ന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുള്ളതും ടി അന്വേഷണ സംഘം പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്. മേൽ അന്വേഷണ സംഘത്തിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥർ അംഗങ്ങളാണ്.<br><br>1. ശ്രീ. ദിനേന്ദ്രകശ്യപ് ഐ.പി.എസ്, ഐ.ജി.പി, എച്ച്.ക്യൂ. , തിരുവനന്തപുരം.<br><br>2. ശ്രീ. പി.ബി.രാജീവ്, എസ്.പി, ക്രൈം ബ്രാഞ്ച്, കോഴിക്കോട്.<br><br>3. ശ്രീ.ഇ.എസ്. ബിജുമോൻ, ഡി.വൈ.എസ്.പി, വിജിലൻസ്, എസ്.ഐ.യു -1, തിരുവനന്തപുരം. |

4. ശ്രീ.ഷാനവാസ്,
ഡി.വൈ.എസ്.പി,
എസ്.ബി.സി.ഐ.ഡി,
തിരുവനന്തപുരം.

5. ശ്രീ.ബി.രാധാകൃഷ്ണപിള്ള,
ഡി.വൈ.എസ്.പി.,
എസ്.ബി.സി.ഐ.ഡി, കൊല്ലം
ഡിറ്റാച്ച്മെന്റ്.

| | |
|---|---|
| (ബി) ഈ കേസിലെ പുതിയ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ആരാണെന്ന് വ്യക്തമാക്കുമോ ; | (ബി) പുതിയ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിച്ചിട്ടില്ല. |
| (സി) സോളാർ കമ്മീഷൻ നിലവിൽ വന്നത് എന്നാണ് ; ഇതിന്റെ കാലാവധി എത്ര കൊല്ലമായാണ് നിശ്ചയിച്ചത് ; | (സി) 28.10.2013-ലെ 77989/എസ്.എസ്.എ 2/2013/ ആഭ്യന്തരം നമ്പർ വിജ്ഞാപന പ്രകാരം നിലവിൽ വന്ന സോളാർ കമ്മീഷന്റെ കാലാവധി വിവിധ ഘട്ടങ്ങളിലായി 27.09.2017 വരെ ദീർഘിപ്പിച്ച് നൽകുകയും ആകെ 47 മാസം പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) കമ്മീഷന്റെ ഓഫീസിൽ എത്ര ഉദ്യോഗസ്ഥർ ഉണ്ട് ; തസ്തിക തിരിച്ച് എണ്ണം വ്യക്തമാക്കുമോ ; | (ഡി) സോളാർ കമ്മീഷനിൽ താഴെപ്പറയുന്ന തസ്തികകളാണ് അനുവദിച്ച് നൽകിയിരുന്നത്: |

| | |
|---|---|
| സെക്രട്ടറി റ്റു കമ്മീഷൻ | - 1 |
| അഡ്വക്കേറ്റ് റ്റു കമ്മീഷൻ | - 1 |
| എൽ.ഡി. ക്ലാർക്ക് | -2 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് / സ്റ്റെനോഗ്രാഫർ | - 1 |
| കോർട്ട് ഓഫീസർ | - 1 |
| പ്യൂൺസ് | -2 |
| ഡ്രൈവർ | - 1 |
| പാർട്ട് ടൈം സ്വീപ്പർ | - 1 |

(ഇ) നാളിതുവരെ സോളാർ കമ്മീഷനായി എത്ര തുക സർക്കാർ ചെലവഴിച്ചുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ?

(ഇ) ചെലവായ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക |
|---|---|
| 2013-14 | 1,15,907/- |
| 2014-15 | 33,51,348/- |
| 2015-6 | 67,14,438/- |
| 2016-17 | 57,54,016/- |
| 2017-18 | 17,81,002/- |
| **ആകെ** | **1,77,16,711/-** |

**സെക്ഷൻ ഓഫീസർ**